കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടി
## ഓഡിറ്റ് റിപ്പോർട്ട്
## 2022-23

ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ : dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.12/515/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ-676505
ഫോൺ : 0483 2734951
ഇ-മെയിൽ : dompm.ksad@kerala.gov.in
തീയതി : 18.03.2024

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

ചെയർമാൻ / സെക്രട്ടറി,
മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി, മലപ്പുറം ജില്ല – 673638

സർ,

വിഷയം :- മലപ്പുറം ജില്ലയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടിയുടെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 09.01.2024 ലെ MKA/A9/493/2023 പ്രകാരം ലഭ്യമാക്കിയ വാർഷിക കണക്കുകൾ

............................................

മലപ്പുറം ജില്ലയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടിയുടെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം.

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (cru.ksad@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ)
2. ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം. (keralaculture@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ)
3. ജോയിന്റ് സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്, തിരുവനന്തപുരം. (rajesh101147@kerala.gov.in/ rajeshcrachana@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ)
4. കാര്യാലയപ്രതി

ആർ.3/2024

**മലപ്പുറം ജില്ലയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടിയുടെ 2022-23 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

| | | |
|---|---|---|
| **1.** | ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻവീട്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| **2.** | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥൻ | ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| **3.** | ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2024 മുതൽ 06.03.2024 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| **ഭാഗം-1 : പൊതു അവലോകനം** | | |
| 1 | ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ | 1-1 |
| 2 | ഭാരവാഹികൾ | 1-2 |
| 3 | നിയമാവലി | 1-3 |
| 4 | ഓഡിറ്റിന്റെ വ്യാപ്തി | 1-4 |
| 5 | സർക്കാർ ധനസഹായം | 1-5 |
| 6 | ഓഡിറ്റ് ചാർജ് | 1-6 |
| 7 | മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ | 1-7 |
| **ഭാഗം-2 : വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 8 | പുസ്തക വില്പന ഡിസ്കൗണ്ട്- കമ്മിറ്റി തീരുമാനം ഇല്ല. | 2-1 |
| 9 | വാടക വരവ് അപാകതകൾ | 2-2 |
| 10 | രസീത്ബുക്ക് സ്റ്റോക്ക് രജിസ്റ്റർ - അപാകതകൾ | 2-3 |
| 11 | ബാങ്ക് അക്കൗണ്ട് കാലികമാക്കിയിട്ടില്ല. | 2-4 |
| **ഭാഗം-3 : ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 12 | നാദാപുരം ഉപകേന്ദ്രം - മിനി വിഷ്വൽ തിയറ്റർ നിർമ്മാണം അപാകതകൾ | 3-1 |
| 13 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 3-2 |
| 14 | അക്കാദമിയുടെ ചെലവുകൾ - മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടില്ല. | 3-3 |
| 15 | പ്ലാൻ ഫണ്ട് - 9.6 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചു. | 3-4 |
| **ഭാഗം-4 : പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 16 | ഓഡിറ്റ് പ്രത്യവലോകനം | 4-1 |
| 17 | അനുബന്ധ പത്രികകൾ | 4-2 |
| **അനുബന്ധം** | | |
| 18 | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ 2022-23 വർഷത്തെ വരവ് ചെലവ് പത്രിക | അനുബന്ധം - 1 |
| 19 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 2 |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമത്തിന്റെയും മറ്റു നിർദ്ദേശങ്ങളുടെയും നിബന്ധനകൾക്ക് വിധേയമായും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരവും സ്ഥാപനത്തിന്റെ 2022-23 വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കി. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ (ജൂലൈ 31ന് അകം) കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 10.01.2024ന് ആണ് 2022-23 വാർഷിക കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. വാർഷിക കണക്ക് സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രേഖകളുടെയും രജിസ്റ്ററുകളുടെയും വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

### 1-2 ഭാരവാഹികൾ

ജി.ഒ. (ആർ.ടി) നമ്പർ 324/2016/സി.എൽ.എ.ഡി തിയ്യതി. 01.10.2016, ജി.ഒ. (ആർ.ടി) നമ്പർ 505/2019/ സി.എൽ.എ.ഡി തിയ്യതി. 06.11.2019, ജി.ഒ. (ആർ.ടി) നമ്പർ 26/2023/സി.എൽ.എ.ഡി തിയ്യതി. 18.01.2023 സർക്കാർ ഉത്തരവുകൾ പ്രകാരം മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ 2022-23 വർഷത്തെ ഭാരവാഹികൾ ചുവടെ ചേർക്കുന്നവരാണ്.

| | |
|---|---|
| ചെയർമാൻ | ഡോ. ഹുസൈൻ രണ്ടത്താണി |
| വൈസ് ചെയർമാൻ | ശ്രീ. പുലിക്കോട്ടിൽ ഹൈദരാലി |
| സെക്രട്ടറി | ശ്രീ. റസാഖ് പയമ്പ്രോട്ട് (01.04.2022 മുതൽ 15.05.2022 വരെ)<br>ശ്രീ ഫൈസൽ എളേറ്റിൽ (i/c) ( 16.05.2022 മുതൽ 30.01.2023 വരെ)<br>ശ്രീ ബഷീർ ചുങ്കത്തറ (31.01.2023 മുതൽ 31.03.2023 വരെ) |
| ജോയിന്റ് സെക്രട്ടറി | ശ്രീ. ഫൈസൽ എളേറ്റിൽ |
| ട്രഷറർ | തഹസിൽദാർ, കൊണ്ടോട്ടി |

### 1-3 നിയമാവലി

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും, നിയമാവലിയും 14.01.2015 ലെ സർക്കാർ ഉത്തരവ് (കൈ) 1/2015/സാംസ്കാരികകാര്യ വകുപ്പ് നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചു.

### 1-4 ഓഡിറ്റിന്റെ വ്യാപ്തി

കേരള സർക്കാറിന്റെ 11.04.2002 ലെ 2552/എ2/02/ജി.എ.ഡി നമ്പർ കത്ത് പ്രകാരമാണ് സ്ഥാപനത്തിന്റെ കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധനക്ക് വിധേയമാക്കിയത്.

### 1-5 സർക്കാർ ധനസഹായം

2022-23 വർഷത്തിൽ സർക്കാർ ധനസഹായം ലഭിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

**(എ). <u>പ്ലാൻ ഗ്രാന്റ്</u>**

| ക്രമ നം. | ഉത്തരവ് നമ്പർ | ഗ്രാന്റ് തുക (₹) | കാഷ് ബുക്കിൽ വരവ് വെച്ച തിയ്യതി | ഗ്രാന്റ് ഇനം |
|---|---|---|---|---|
| 1 | സ.ഉ (സാധാ) നമ്പർ. 393/2022/ CLAD, തി. 24.06.2022 | 2,00,000 | 05.07.2022 | പ്ലാൻ - ആദ്യ ഗഡു |
| 2 | സ.ഉ (സാധാ) നമ്പർ. 694/2022/ CLAD , തി. 29.11.2022 | 50,00,000 | 19.12.2022 | നാദാപുരം ഉപകേന്ദ്രത്തിൽ തിയറ്റർ സ്ഥാപിക്കുന്നതിന് |
| 3 | സ.ഉ (സാധാ) നമ്പർ. 485/2022/ CLAD, | 2,50,000 | 24.03.2023 | |

| | | | | |
|---|---|---|---|---|
| | തി. 15.08.2022 | | | |
| ആകെ | | 54,50,000 | | |

**(ബി). നോൺ-പ്ലാൻ ഗ്രാന്റ്**

| ക്രമ നം. | ഉത്തരവ് നമ്പർ | ഗ്രാന്റ് തുക (₹) | കാഷ് ബുക്കിൽ വരവ് വെച്ച തിയ്യതി | ഗ്രാന്റ് ഇനം |
|---|---|---|---|---|
| 1 | സ.ഉ (സാധാ) നമ്പർ. 286/2022/ CLAD, തി. 13.05.2022 | 6,25,000 | 20.05.2022 | 2022-23 നോൺ-പ്ലാൻ ആദ്യ ഗഡു |
| 2 | സ.ഉ (സാധാ) നമ്പർ. 405/2022/ CLAD, തി. 29.06.2022 | 6,25,000 | 06.07.2022 | 2022-23 നോൺ-പ്ലാൻ രണ്ടാം ഗഡു |
| 3 | സ.ഉ (സാധാ) നമ്പർ. 748/2022/ CLAD, തി. 28.12.2022 | 6,25,000 | 07.01.2023 | 2022-23 നോൺ-പ്ലാൻ മൂന്നാം ഗഡു |
| ആകെ | | 18,75,000 | | |

## 1-6 ഓഡിറ്റ് ചാർജ്ജ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 19(1)-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1) എന്നിവ പ്രകാരം സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ഓഡിറ്റ് ചാർജ് സ്ഥാപനം സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. ജി.ഒ (പി) നമ്പർ. 368/09/ധന. തീയതി, 28.08.2009 പ്രകാരം മൊത്തം വാർഷിക വരുമാനത്തിൽ നിന്നും ഗവ. ഗ്രാന്റുകളും ഋണശീർഷബാധ്യകതകളും ഒഴിച്ചുള്ള വരുമാനത്തിന്റെ 1% തുകയാണ് ഓഡിറ്റ് ചാർജ്. 2022-23 വർഷത്തെ ഓഡിറ്റ് ചാർജിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക (₹) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83,76,780 |
| കുറയ്ക്കുക | |
| ഗവൺമെന്റ് ഗ്രാന്റ് (നോൺ-പ്ലാൻ ) | 18,75,000 |
| ഗവൺമെന്റ് ഗ്രാന്റ് ( പ്ലാൻ ) | 54,50,000 |
| കാലാവധി തീർന്ന ചെക്ക് വരവ് | 5,500 |
| സമം പരിപാടിക്ക് ലഭിച്ച ഗ്രാന്റ് | 1,00,000 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 25,500 |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് | 9,20,780 |
| ഓഡിറ്റ് ചാർജ്ജ് @ 1% | 9,208 |

**അടവാക്കിയ ഓഡിറ്റ് ചാർജിന്റെ വിവരം**

| വർഷം | തുക (₹) | അടവാക്കിയതിന്റെ വിശദാംശങ്ങൾ | ട്രഷറി |
|---|---|---|---|
| 2021-22 | 2,505 | ചലാൻ നം : KL020298398202223M തീയ്യതി : 05.11.2022 | സബ് ട്രഷറി, കൊണ്ടോട്ടി |

അടവാക്കാൻ ശേഷിക്കുന്നത് : 9,208/- രൂപ.

അടവാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് ചാർജ് "0070-60-110-99 (ഓഡിറ്റ് ഫീസ്)" എന്ന അക്കൗണ്ട് ഹെഡിൽ അടവാക്കി വിവരം ഒറിജിനൽ ട്രഷറി ചലാൻ സഹിതം താഴെ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

*ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.*

1-7 മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ

2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പുസ്തക വില്പന ഡിസ്കൗണ്ട് - കമ്മിറ്റി തീരുമാനം ഇല്ല.

2022-23 അക്കാദമിയുടെ പുസ്തക വില്പന വരവ് രേഖകൾ പരിശോധിച്ചതിൽ പുസ്തക വില്പനയ്ക്ക് ഡിസ്കൗണ്ട് അനുവദിച്ച് നൽകുന്നതിൽ വ്യക്തമായ മാനദണ്ഡം ഇല്ല എന്ന് വ്യക്തമായി.
ഏതാനും ഉദാഹരണം താഴെ നൽകുന്നു.

| സ്ഥാപനം / രസീത് നം | ബിൽ തുക (₹) | ഡിസ്കൗണ്ട് തുക (₹) | ഡിസ്കൗണ്ട് ശതമാനം |
|---|---|---|---|
| CPA കോളേജ് ഓഫ് ഗ്ലോബൽ സ്റ്റഡീസ് പുത്തനത്താണി. / 1201 to 1203 Dt 30.08.2022 | 21,190 | 10,595 | 50% |
| അൻവരിയ്യ അറബിക് കോളേജ് നെല്ലായ / 1206 Dt 21.10.2022 | 2,750 | 962 | 35% |
| അരീക്കോട് പുസ്തകമേള / 1207 Dt 3.11.2022 | 8,400 | 3,360 | 40% |
| അഹ്ലുസ്സുന്ന ബുക്സ് കോഴിക്കോട് / 1213 Dt 28.12.2022 | 1,205 | 602 | 50% |
| അൽ അമീൻ ബുക് സ്റ്റാൾ മഞ്ചേരി / 1215 Dt 13.01.2023 | 10,480 | 5,240 | 50% |
| PTAMUPS ചെറുമിറ്റം / 1219 Dt 22.02.2023 | 1,050 | 210 | 20% |

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.1/05.03.2024) ലഭ്യമാക്കിയ മറുപടിയിൽ 16.02.2023ലെ യോഗ തീരുമാനം പ്രകാരം പുസ്തകങ്ങൾക്ക് ഡിസ്കൗണ്ട് നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ട് എന്ന് അറിയിച്ചു. എന്നാൽ ഈ തീരുമാനം എടുക്കുന്നതിന് മുമ്പ് ഡിസ്കൗണ്ട് അനുവദിച്ച് നൽകിയതിന്റെ മാനദണ്ഡം എന്താണ് എന്ന് വ്യക്തമല്ല.

പുസ്തകങ്ങൾക്ക് ഡിസ്കൗണ്ട് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ തീരുമാനം മുൻകൂട്ടി അക്കാദമി എക്സിക്യൂട്ടീവ് എടുക്കേണ്ടതും അതിനനുസരിച്ച് മാത്രമാണ് ഡിസ്കൗണ്ട് അനുവദിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### 2-2 വാടക വരവ് - അപാകതകൾ

അക്കാദമി കെട്ടിടത്തിലെ ഒരു മുറി കൊണ്ടോട്ടി പ്രസ്സ് ഫോറത്തിനും, കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഒരു ഭാഗം ചായക്കട (ചായ മക്കാനി) നടത്തുന്നതിനും വാടകയ്ക്ക് നൽകിയിട്ടുണ്ട്.

ഓഡിറ്റിന് ലഭ്യമായ വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിലെ വരവ് വിവരം താഴെ നൽകുന്നു.

മക്കാനി വരവ് : ₹9,960/-

പ്രസ്സ് ഫോറം കൊണ്ടോട്ടി വാടക : ₹27,000/-

വാടകയുമായി ബന്ധപ്പെട്ട് പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

**1) വാടക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല.**

വാടകയ്ക്ക് നൽകിയ രണ്ട് റൂമുകളുടെയും ഓഡിറ്റ് കാലയളവിലെ വാടക പൂർണ്ണമായി ലഭിച്ചിട്ടില്ല. പ്രസ് ഫോറം കൊണ്ടോട്ടിക്ക് 17.01.2022ലെ യോഗ തീരുമാനപ്രകാരം പ്രതിമാസം 3,000/- രൂപ വാടക നിശ്ചയിച്ചു. പിന്നീട് 23.07.2022ലെ യോഗ തീരുമാനപ്രകാരം പ്രതിമാസ വാടക 2,000/- രൂപ ആയി കുറവ് വരുത്തി. ചായ മക്കാനിക്ക് 31.05.2022 വരെ പ്രതിദിനം 40 രൂപയും 01.06.2022 മുതൽ പ്രതിദിനം 100 രൂപയുമായാണ് വാടക നിശ്ചയിച്ചത്. എന്നാൽ മേൽ നിശ്ചയിക്കപ്പെട്ടതനുസരിച്ചുള്ള വാടക പൂർണ്ണമായി അക്കാദമിക്ക് വരവ് വന്നിട്ടില്ല എന്ന് കാണുന്നു.
കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 5/06.03.2024) ലഭ്യമാക്കിയ മറുപടി പ്രകാരം മക്കാനിയിൽ നിന്ന് 27,100/- രൂപയും പ്രസ് ഫോറത്തിൽ നിന്ന് 16,000/- രൂപയും വാടക കുടിശ്ശിക ലഭിക്കാനുണ്ട്.

**2) വാടകയ്ക്ക് നൽകിയ റൂമുകളുടെ വൈദ്യുതി, വെള്ളം എന്നിവയുടെ ചെലവുകൾ അക്കാദമി ഒടുക്കുന്നു.**

വാടകയ്ക്ക് നൽകിയ രണ്ട് റൂമുകൾക്കും പ്രത്യേക വൈദ്യുതി കണക്ഷനുകൾ ഇല്ല. ഇക്കാരണത്താൽ, വാടകക്കാർ ഉപയോഗിക്കുന്ന വൈദ്യുതി ബിൽ അക്കാദമി അടക്കേണ്ടി വരുന്നുണ്ട്. ഇതിന് വാടകക്കാർ പ്രത്യേകമായി പണമൊന്നും അക്കാദമിക്ക് നൽകുന്നില്ല.

വാടക ഇനത്തിൽ ലഭിക്കാനുള്ള വാടക പൂർണ്ണമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ വാടകയ്ക്ക് നൽകുന്ന റൂമുകളുടെ വൈദ്യുതി, വെള്ളം എന്നിവയുടെ ഉപയോഗം സംബന്ധിച്ച നിബന്ധനകളും, കുടിശ്ശിക സംബന്ധിച്ച വ്യവസ്ഥകളും ഉൾപ്പെടുത്തി, ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി ആയത് പരിപാലിക്കേണ്ടതുമാണ്.

## 2-3 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ - അപാകതകൾ

അക്കാദമിയുടെ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ സൂക്ഷിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

i) സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ii) സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 05.03.2024ന് 43 ഓഫീസ് കളക്ഷൻ രസീതു ബുക്കുകൾ ഉപയോഗിക്കാതെ ഉള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയതിൽ 45 ബുക്കുകൾ ഉപയോഗിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി. അധികമായി അച്ചടിച്ച രണ്ട് രസീത് ബുക്കുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം എന്ന് വാക്കാൽ മറുപടി ലഭ്യമാക്കി.
iii) രസീത് ബുക്കുകൾ സ്റ്റോക്കിൽ എടുക്കുമ്പോൾ അച്ചടിച്ച രസീതുകളുടെ വിശദ വിവരം രേഖപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 2/05.03.2024)

## 2-4 ബാങ്ക് അക്കൗണ്ട് കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ 31.03.2023 ലെ കാഷ്ബുക്ക് പ്രകാരം SBI യിലെ 67270707228 നം അക്കൗണ്ടിലെ നീക്കിയിരുപ്പ് ₹8,888.75 ആണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇത് 10.11.2022 ലെ നീക്കിയിരുപ്പ് തുകയാണ് എന്ന് വ്യക്തമായി. ബാങ്ക് സ്റ്റേറ്റ്മെന്റ് കാലികമാക്കാത്തതിനാൽ നീക്കിയിരുപ്പിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.
ഈ അക്കൗണ്ടിൽ 06.07.2018 ന് ശേഷം സാമ്പത്തിക ഇടപാടുകളൊന്നും നടത്തുന്നില്ല. അക്കൗണ്ട് കീപ്പിംഗ് ഫീസ് ഇനത്തിൽ എല്ലാ വർഷവും അക്കൗണ്ടിൽ നിന്ന് ബാങ്ക് പണം ഈടാക്കുന്നുമുണ്ട്. ഇടപാടുകൾ നടത്താത്ത അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതാണെങ്കിൽ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 4/05.03.2024)

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നാദാപുരം ഉപകേന്ദ്രം - മിനി വിഷ്വൽ തിയറ്റർ നിർമ്മാണം അപാകതകൾ

നാദാപുരം ഉപകേന്ദ്രം - മിനി വിഷ്വൽ തിയറ്റർ നിർമ്മാണം എന്ന പ്രവൃത്തിക്ക് ആദ്യ ഗഡുവായി അനുവദിക്കപ്പെട്ട 50 ലക്ഷം രൂപ വിനിയോഗിച്ച് Vertical Extension of Second Floor for Mini Visual Theater for Mahakavi Moyinkutty Vaidyar Mappila Kala Academy Sub Centre Nadapuram എന്ന പ്രവൃത്തി ടെണ്ടർ നടപടികളൊന്നും പാലിക്കാതെ ഹാബിറ്റാറ്റ് നെ പ്രവൃത്തി ഏല്പിച്ച് നൽകുകയും മേൽ സ്ഥാപനം Non PMC അക്രഡിറ്റഡ് ഏജൻസി എന്ന രീതിയിൽ പ്രവൃത്തി നേരിട്ട് നടപ്പാക്കുകയും ആണ് ചെയ്തത്.
വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| കരാർ | നമ്പർ : ഇല്ല, തിയ്യതി : 09.01.2023 |
| മുൻകൂർ നൽകിയത് | ₹25,00,000/-<br>[₹10,00,000/- (ചെക്ക് നം JN4473196 Dt 04.02.2023)<br>₹10,00,000/- (ചെക്ക് നം. JN4473194 Dt 03.02.2023),<br>₹5,00,000/- (ചെക്ക് നം JN4473195 Dt 03.02.2023)] |
| ബാക്കി തുക നൽകിയത് | ₹13,88,528/-<br>[₹7,00,000 (ചെക്ക് നം JN4473198 Dt 22.03.2023 ), |

| | |
|---|---|
| | ₹6,88,528 (ചെക്ക് നം.JN4473200 Dt 22.03.2023)], |
| 2022-23ലെ ചെലവ് | ₹38,88,528/-<br>(₹25,00,000 + ₹13,88,528) |

**1) പ്രവൃത്തി നടത്തിപ്പ് ഹാബിറ്റാറ്റ് ന് – സർക്കാർ ഉത്തരവ് ലംഘിച്ചു.**

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച GO(P)No 104/2022/Fin Dt 02.09.2022 നം ഉത്തരവ് പ്രകാരം HABITAT ന് General Civil construction Works as PMC and Lowcost or costeffective works as Non PMC എന്ന നിലയിലാണ് അക്രഡിറ്റഡ് ഏജൻസിയായി അംഗീകാരം നൽകിയത് മേൽ പരാമർശിക്കപ്പെട്ട പ്രവൃത്തി General Civil contruction work ആയതിനാൽ ഈ പ്രവൃത്തി PMC ആയി നടത്തുന്നതിന് മാത്രമാണ് HABITAT ന് സർക്കാർ അനുമതി നൽകിയത്.

PMC അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 നം ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

i) PMC ആയി അക്രഡിറ്റേഷൻ കിട്ടിയ സ്ഥാപനങ്ങൾ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ പാടില്ല. പ്രവൃത്തിയുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ എന്നിവയാണ് അക്രഡിറ്റഡ് ഏജൻസിയുടെ ചുമതല. പ്രവൃത്തി നടത്തിപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ കരാർ മുഖേനയാണ് ചെയ്യേണ്ടത്. പ്രവൃത്തിയുടെ ബില്ല് പ്രകാരമുള്ള പണം തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് മാത്രമാണ് അർഹതയുള്ളത്.

ii) പ്രവൃത്തി നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയെ (PMC) തെരഞ്ഞെടുക്കുന്നതിന് സുതാര്യമായ ബിഡ്ഡിംഗ് നടപടികൾ പാലിക്കേണ്ടതുണ്ട്.

iii) പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചായിരിക്കണം പ്രവൃത്തി നടത്തേണ്ടത്.

പ്രൊജക്റ്റ് നടത്തിപ്പിൽ മേൽ പരാമർശിക്കുന്ന നിബന്ധനകളൊന്നും പാലിച്ചിട്ടില്ല.

1) പ്രവൃത്തി നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സുതാര്യമായ ബിഡ്ഡിംഗ് നടപടികൾ പാലിക്കേണ്ടതായിരുന്നു എങ്കിലും ഇത്തരം നടപടികളൊന്നും പാലിക്കാതെ HABITAT നെ പ്രവൃത്തി ഏല്പിച്ച് നൽകി.

2) PMC ആയി അംഗീകാരം ലഭിച്ച HABITAT കരാറുകാർ മുഖേനയായിരുന്നു പ്രവൃത്തി നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ പ്രവൃത്തി HABITAT നേരിട്ട് നടപ്പിലാക്കുകയും പണം നേരിട്ട് HABITAT ന് നൽകുകയുമാണ് ചെയ്തത്.

3) സർക്കാർ ഇതര അക്രഡിറ്റഡ് ഏജൻസി നടപ്പാക്കുന്ന പ്രവൃത്തികളുടെ പ്രവൃത്തി നടത്തിപ്പ് പരിശോധിക്കുന്നതിനും ബിൽ ചെക്ക് മെഷർ ചെയ്യുന്നതിനും അക്കാദമിക്ക് ക്ലയന്റ് എഞ്ചിനിയർ ഉണ്ടാകേണ്ടതും പ്രസ്തുത എഞ്ചിനിയറുടെ ശുപാർശ അടിസ്ഥാനത്തിൽ മാത്രം പണം നൽകുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ പ്രവൃത്തി പരിശോധിക്കുന്നതിന് ക്ലയന്റ് എഞ്ചിനിയറെ നിശ്ചയിക്കാതെ ഏജൻസി നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിൽ പണം നൽകി.

പ്രവൃത്തി നടത്തിപ്പ് HABITAT ന് നൽകുന്നതിന് എക്സിക്യൂട്ടീവ് യോഗം ചേർന്ന് തീരുമാനം എടുത്തതിന്റെ രേഖകളും ഫയലിൽ കണ്ടെത്താനായില്ല.

**2) സർക്കാർ ഉത്തരവിന് വിരുദ്ധമായി മുൻകൂർ തുക നൽകി.**

GO(P) 67/2021/Fin Dt 28.04.2021 നം ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികൾക്ക് (Non PMC) 20% തുക മാത്രമാണ് മുൻകൂർ നൽകുന്നതിന് അനുമതിയുള്ളത്. എന്നാൽ Non PMC അല്ലാത്ത HABITAT ന് 50% മുൻകൂർ നൽകിയത് ക്രമപ്രകാരമല്ല.

**3) പ്രവൃത്തി നടത്തിയതിന്റെ അളവ് രേഖപ്പെടുത്തിയ രേഖകൾ ഫയലിൽ ഇല്ല.**

മേൽ പ്രവൃത്തിക്ക് ഓഡിറ്റ് വർഷത്തിൽ 38,88,528/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതിന്റെയും അളവ് ചെക്ക് മെഷർ ചെയ്ത് അംഗീകരിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. HABITAT നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിൽ പണം അനുവദിച്ച് നൽകിയതായാണ് കാണുന്നത്,.

**4) നിയമപ്രകാരം കുറവ് വരുത്തേണ്ട നികുതികൾ, ഫീസുകൾ എന്നിവ കുറവ് വരുത്താതെ മുഴുവൻ തുകയും നൽകി.**

കരാർ പ്രവൃത്തികൾ നടപ്പാക്കി പണം നൽകുമ്പോൾ കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ ആദായ നികുതി, GST, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കി ഒടുക്ക് വരുത്തുക എന്നത് പണം നൽകുന്ന

സ്ഥാപനത്തിന്റെ ഉത്തരവാദിത്വമായിരുന്നു.

എന്നാൽ ഇത്തരത്തിൽ കിഴിവുകളൊന്നും വരുത്താതെ മുഴുവൻ തുകയും കരാറുകാർക്ക് നൽകുകയാണ് ചെയ്തത്.

കൂടാതെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനത്തിൽ സ്ഥാപനത്തിന് പ്രത്യേകമായി പണം അനുവദിച്ച് നൽകിയതായും കാണുന്നു. ക്ഷേമനിധി ഇനത്തിൽ പ്രത്യേകമായി നൽകിയ തുക (1%) അധിക ചെലവ് ആയി ഓഡിറ്റ് വിലയിരുത്തുന്നു. ആയത് ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടും അത് പാലിക്കാതെ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്ത് പ്രവൃത്തി നടപ്പാക്കിയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹38,88,528 ചെലവ് തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ. 3/05.03.2024)

## 3-2 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

**1) ആസ്തി രജിസ്റ്റർ**

സ്ഥാപനത്തിന്റെ ആസ്തികളുടെ വിവരം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആസ്തികളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**2) സ്റ്റോക്ക് രജിസ്റ്ററുകൾ**

അക്കാദമിയിൽ വിവിധ ഉപകരണങ്ങൾക്കും സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ടെങ്കിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പ് ശരിയായ രീതിയില്ല എന്ന് പരിശോധനയിൽ വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ഓരോ ഇനം സാധനങ്ങളും പ്രത്യേകം പേജുകളിലായി രേഖപ്പെടുത്തി പ്രത്യേക നമ്പർ നൽകി സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ ഓരോ ഇനം സാധനങ്ങളും എത്ര എണ്ണം സ്റ്റോക്കിൽ ഉണ്ട് എന്ന് കണ്ടെത്തുന്നതിന് സാധിക്കുന്നില്ല.
3. വാങ്ങുന്ന സാധനങ്ങളുടെ വിശദ വിവരങ്ങൾ (സപ്ലൈയറുടെ വിവരം, പണം നൽകിയതിന്റെ വിവരം, വാറണ്ടി വിവരങ്ങൾ, പ്രൊഡക്ടിന്റെ നമ്പറുകൾ etc... ) സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി സർക്കാർ ഓഫീസുകളിൽ സൂക്ഷിക്കേണ്ട മാതൃകയിൽ സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-3 അക്കാദമിയുടെ ചെലവുകൾ - മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടില്ല.

അക്കാദമിയുടെ അംഗീകൃത നിയമാവലി പ്രകാരം അവധി, യാത്രാബത്ത എന്നിവ അനുവദിക്കലും പ്രൊവിഡന്റ് ഫണ്ട്, അച്ചടക്ക നടപടി തുടങ്ങി ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾക്ക് രൂപം നൽകുക എന്നത് അക്കാദമി ജനറൽ കൗൺസിലിന്റെ ചുമതലയാണ്. എന്നാൽ അത്തരത്തിലുള്ള നടപടിക്രമങ്ങൾ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നം 8/2023/CLAD Dt 23.05.2023 നം ഉത്തരവ് പ്രകാരം സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ധനസഹായം കൈപ്പറ്റുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- സാമ്പത്തിക ഇടപാടുകൾ കേരള ഫിനാൻഷ്യൽ കോഡ്, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം നടപ്പിലാക്കേണ്ടത്.
- നിർമ്മാണ പ്രവർത്തനങ്ങൾ PWD മാന്വൽ, ഇതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം നടപ്പിലാക്കേണ്ടത്.

- സർക്കാർ ധനസഹായം ഉപയോഗിച്ചുള്ള സംഭരണങ്ങൾക്ക് (Procurement of Goods and Services) സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ ബൈലോ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയിൽ ഇതിനനുസരിച്ച് മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്ഥാപനാധികാരികൾ അടിയന്തിരമായി കൈക്കൊള്ളണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ രൂപീകരിച്ച് സർക്കാർ അംഗീകാരം നേടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിൽ മേൽ പരാമർശിക്കപ്പെട്ട സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിനനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

### 3-4 പ്ലാൻ ഗ്രാന്റ് - 9.6 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചു.

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക പ്രകാരം 31.03.20223ന് ചെലഴിക്കാനവശേഷിക്കുന്ന പ്ലാൻ ഗ്രാന്റിന്റെ വിവരം താഴെ നൽകുന്നു.

| ഇനം | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക. (₹) |
|---|---|
| ലൈബ്രറി ഡിജിറ്റലൈസേഷൻ ഗ്രാന്റ് | 2,18,610 |
| നാദാപുരം സബ്സെന്റർ തിയറ്റർ നിർമ്മാണം. | 11,11,472 |
| **ആകെ** | **13,30,082** |

പ്ലാൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയിൽ ₹13,30,082/- ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട് എന്ന് വ്യക്തമായി. എന്നാൽ അക്കാദമിയുടെ പ്ലാൻ ട്രഷറി അക്കൗണ്ടിൽ (അക്കൗണ്ട് നം 799012700000878 - സബ് ട്രഷറി കൊണ്ടോട്ടി) 31.03.2023ന് ₹3,69,284/- മാത്രമാണ് നീക്കിയിരുപ്പുള്ളത്. പ്ലാൻ ഗ്രാന്റ് ഇനത്തിൽ പ്രത്യേക ഉദ്ദേശ്യത്തിന് സർക്കാർ അനുവദിച്ച ₹9,60,798/- (₹13,30,082 - ₹3,69,284) അക്കാദമി മറ്റാവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചു.

ഇക്കാര്യം തുടർ നടപടിക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 6/09.03.2024) ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകുന്നതിന് എക്സിക്യൂട്ടീവ് തീരുമാന പ്രകാരമാണ് പ്ലാൻ ഗ്രാന്റ് വകമാറ്റിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഓഡിറ്റ് പ്രത്യവലോകനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 3,13,855.70 |
| വരവ് | 83,76,780.19 |
| ആകെ | 86,90,635.89 |
| ചെലവ് | 80,50,302.00 |
| നീക്കിയിരിപ്പ് | 6,40,333.89 |

വരവിനങ്ങളിലുള്ള നഷ്ടം : ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത/തടസ്സപ്പെടുത്തിയ ചെലവ് തുക : ₹38,88,528/- (ഖണ്ഡിക 3-1 പ്രകാരം)
വ്യക്തമായ നഷ്ടത്തിന്റെ വിവരം : ഇല്ല

### 4-2 അനുബന്ധ പത്രികകൾ

- അനുബന്ധം- 1 : 2022-23 ലെ വരവ് ചെലവ് പത്രിക

• അനുബന്ധം- 2 : ഓഡിറ്റ് സാക്ഷ്യപത്രം

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

അനുബന്ധം - 1

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടിയുടെ 2022-23 വർഷത്തെ വരവ് ചെലവ് പത്രിക.

| വരവ് | | | ചെലവ് | |
|---|---|---|---|---|
| ഇനം | | തുക (₹) | ഇനം | തുക (₹) |
| **മുന്നിരിപ്പ്** | | 3,13,855.70 | അധ്യാപകരുടെ ശമ്പളം | 2,32,300.00 |
| Canara (1103) | 2,61,036.95 | | ജീവനക്കാരുടെ ശമ്പളം | 16,37,090.00 |
| SBI (7228) | 11,495.75 | | സെക്രട്ടറിയുടെ ശമ്പളം | 62,500.00 |
| TSB Plan (878) | 28,818.00 | | ഹോണറേറിയം | 3,50,000.00 |
| TSB Non Plan (235) | 12,368.00 | | വിവിധ പരിപാടികളുടെ ചെലവ് | 3,66,017.00 |
| കാഷ് ഇൻ ഹാന്റ് | 137.00 | | അച്ചടിച്ചെലവുകൾ | 2,11,360.00 |
| ഓഡിറ്റോറിയം, മാനവീയം വീഥി വരവ് | | 1,38,600.00 | ബുക് സ്റ്റാൾ ചെലവുകൾ | 9,550.00 |
| പുസ്തക വിൽപ്പന | | 2,59,715.91 | വിവിധ കോഴ്സ് ചെലവുകൾ | 2,58,715.00 |
| വിവിധ കോഴ്സ് ഫീ | | 1,66,450.00 | ഓഡിറ്റോറിയം ചെലവുകൾ | 8,200.00 |
| സി.ഡി വിൽപ്പന | | 620.00 | തപാൽ ചെലവുകൾ | 10,076.00 |
| ഫോട്ടോസ്റ്റാറ്റ് വരവ് (മലയാളം & അറബിക്) | | 9,417.00 | മറ്റ് ചെലവുകൾ | 19,185.00 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | | 25,500.00 | വാട്സാപ്പ് കൂട്ടായ്മ ചെലവ് | 5,640.00 |
| വാർഷിക ഗ്രാന്റ് - നോൺ പ്ലാൻ | | 18,75,000.00 | ബാങ്ക് ചാർജ് | 7,180.00 |
| വാർഷിക ഗ്രാന്റ് - പ്ലാൻ | | 54,50,000.00 | സെക്രട്ടറി / ചെയർമാൻ ടെലഫോൺ അലവൻസ് | 18,750.00 |
| റിസർച്ച് & റഫറൻസ് ലൈബ്രറി | | 1,620.00 | ടെലഫോൺ ചാർജ് & ഇന്റർ നെറ്റ് | 15,744.00 |
| മറ്റു വരവുകൾ | | 96,200.00 | ഇശൽ വാണി സ്റ്റുഡിയോ ചെലവ് | 29,250.00 |
| സമം ഗ്രാന്റ് | | 1,00,000.00 | ഓഡിറ്റ് ഫീ | 22,505.00 |
| ഫോട്ടോ ഗ്യാലറി & മ്യൂസിയം | | 11,720.00 | സിറ്റിംഗ് ഫീ | 23,000.00 |
| തിയറ്റർ വാടക | | 250.00 | എയർ കണ്ടീഷൻ ചാർജ്ജ് | 5,310.00 |
| സൗണ്ട് | | 2,500.00 | ഓഡിയോ വിഷ്വൽ തിയറ്റർ | 4,554.00 |
| വിവിധ പരിപാടികളിൽ നിന്നുള്ള വരവുകൾ | | 1,93,406.28 | ക്ലീനിംഗ് & സൗന്ദര്യ വത്കരണ ചെലവ് | 25,528.00 |
| പലിശ | | 3,321.00 | PAN, TAN, GST രജി.ഫീ | 12,500.00 |
| വാടക | | 36,960.00 | വൈദ്യുതി ചാർജ്ജ് | 1,21,657.00 |
| ചെക്ക് തിരികെ വന്നത് | | 5,500.00 | പ്രിന്റിംഗ് & സ്റ്റേഷനറി | 45,036.00 |
| | | | വാഹന ചെലവ് (റിപ്പയർ & ഇന്ധനം) | 1,21,583.00 |
| | | | ഗസ്റ്റ്, വിസിറ്റിംഗ് ചെലവുകൾ | 1,830.00 |
| | | | മ്യൂസിക്കൽ ആർക്കൈവ് | 5,576.00 |
| | | | ലൈബ്രറി ഡിജിറ്റലൈസേഷൻ | 2,60,140.00 |
| | | | പ്രിന്റർ & ഫോട്ടോസ്റ്റാറ്റ് മെഷീൻ | 25,100.00 |
| | | | നാദാപുരം ഉപകേന്ദ്രം തിയറ്റർ കെട്ടിട നിർമ്മാണം - പ്ലാൻ ഫണ്ട് | 38,88,528.00 |
| | | | റിപ്പയർ മെയിന്റനൻസ് | 43,610.00 |

| | | | | |
|---|---|---|---|---|
| | | CD ചെലവ് | | 6,420.00 |
| | | റിസർച്ച് & റഫറൻസ് ലൈബ്രറി ചെലവുകൾ | | 24,794.00 |
| | | റിസംപ്ഷൻ | | 984.00 |
| | | വാട്ടർ കണക്ഷൻ | | 15,656.00 |
| | | മീറ്റിംഗ് ചെലവ് | | 15,401.00 |
| | | ഫെസ്റ്റിവെൽ അലവൻസ് | | 10,680.00 |
| | | സെക്യൂരിറ്റി ഡെപ്പോസിറ്റ് റീഫണ്ട് | | 21,500.00 |
| | | യാത്രാ ചെലവ് | | 66,848.00 |
| | | റെക്കാർഡിംഗ് സ്റ്റുഡിയോ ചെലവുകൾ | | 40,005.00 |
| ***ആകെ വരവ്*** | ***83,76,780.19*** | ***ആകെ ചെലവ്*** | | ***80,50,302.00*** |
| | | **നീക്കിയിരുപ്പ്** | | |
| | | Canara (1103) | 2,61,334.14 | |
| | | SBI (7228) | 8,888.75 | |
| | | TSB Plan (878) | 3,69,284.00 | 6,40,333.89 |
| | | TSB Non Plan (235) | 0.00 | |
| | | കാഷ് ഇൻ ഹാന്റ് | 827.00 | |
| ആകെ | 86,90,635.89 | ആകെ | | 86,90,635.89 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം - 2

## ഓഡിറ്റ് സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടിയുടെ 2022-23 വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചു. സ്ഥാപനത്തിൽ സൂക്ഷിക്കുന്ന രേഖകളുടെയും, രജിസ്റ്ററുകളുടെയും, ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് വിധേയമായും സ്ഥാപനത്തിന് അനുവദിച്ച സർക്കാർ ധന സഹായത്തിന്റെ വിനിയോഗം ഗ്രാന്റ് ഇൻ എയ്ഡ് നിബന്ധനകൾ പൂർണ്ണമായും പാലിച്ച് കൊണ്ടാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.